LIBRARY ARCHIVES Kerala Legislative Assembly

ക്ഷയരോഗത്തിനുള്ള ചികിത്സാ സൗകര്യം

135 [1611] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ടി. ബി. സെന്ററുകളും സാനിറ്റോറിയങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട് എന്നു വ്യക്തമാക്കുമോ;

(ബി) എത്ര പേർക്ക് ഇവിടെ ഇപ്പോൾ ചികിൽസ നൽകുന്നുണ്ട്. എം.ഡി.ആർ.ടി.ബി ബാധിതരായ രോഗികളെത്ര;

(സി) എം.ഡി.ആർ.ടി.ബി. ബാധിതരായ 25-ലേറെ പേർക്ക് കോഴിക്കോട് ജില്ലയിൽ മാത്രമായി ഇനിയും ചികിത്സ ലഭിക്കേണ്ടതായുണ്ട് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മറ്റു ജില്ലകളിൽ എം.ഡി.ആർ.ടി.ബി ബാധിതരായവർ എത്രപേർ ഉണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) എം.ഡി.ആർ.ടി.ബി. ബാധിച്ച ഒരു രോഗിക്ക് പ്രതിദിനം എത്ര തുക ചെലവുവരും; നിലവിൽ നൽകുന്ന തുക എത്ര; 2001-02, 2002-03, 2003-04 (ഇതേവരെ) എത്ര തുക എം.ഡി.ആർ.ടി.ബി. ചികിത്സക്കായി ടി.ബി. സെന്ററുകൾക്ക് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) രോഗപ്രതിരോധത്തിനും നിലവിലുള്ള ചികിത്സക്കുമായി ഇതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചു നൽകുമോ;

(എഫ്) പുലയനാർകോട്ട ടി.ബി. സെന്ററിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഉള്ളത്. സാധാരണ ടി.ബി. രോഗബാധിതർക്കും എം.ഡി.ആർ.ടി.ബി രോഗബാധിതർക്കും പ്രത്യേക ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; എന്തെല്ലാം; സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികളെന്ത്;

(ജി) സർക്കാരിനു പുറമേ ഏതെങ്കിലും ഏജൻസികളോ വ്യക്തികളോ ഈ സ്ഥാപനത്തെ സഹായിക്കുന്നുണ്ടോ; എങ്കിൽ അവയേതെല്ലാം;

(എച്ച്) മാരകമായ ഈ രോഗത്തിന്റെ ചികിത്സക്കായി കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനും കേന്ദ്രസർക്കാർ സഹായം ലഭ്യമാക്കുന്നതിനും തയ്യാറാകുമോ;

(ഐ) എം. ഡി. ആർ. ടി. ബി. രോഗബാധിതരായ എത്രപേർ ചികിത്സ ലഭിക്കാൻ കാലതാമസം വന്നതിനെ തുടർന്ന് മരണപ്പെട്ടിട്ടുണ്ട്; ജില്ലതിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 14 ജില്ലാ ടി.ബി. സെന്ററുകളും ഒരു സാനിറ്റോറിയവും പ്രവർത്തിച്ചുവരുന്നുണ്ട്;

(ബി) 2003 വർഷത്തിൽ ഇരുപത്തിഅയ്യായിരത്തോളം പേർക്ക് ചികിത്സ നൽകി എം.ഡി.ആർ.ടി.ബി. ബാധിതരായ 29 രോഗികൾ സംസ്ഥാനത്ത് ചികിൽസയിലുണ്ട്.

(സി) കോഴിക്കോട് ജില്ലയിൽ 9 പേരും എറണാകുളം ജില്ലയിൽ 8 പേരും, ആലപ്പുഴയിൽ ഒരാളും കൾച്ചർ ആന്റ് സെൻസിറ്റീവ് റിപ്പോർട്ട് അനുസരിച്ച് എം.ഡി.ആർ.ടി.ബി ബാധിതരായിട്ടുള്ളവരാണ്.

(ഡി) പ്രതിദിനം ഒരു രോഗിക്ക് ഏകദേശം 140 രൂപ ചെലവ് വരും. നിലവിൽ തുകയൊന്നും രോഗികൾക്ക് നൽകുന്നില്ല. ഒരു എം.ഡി.ആർ.ടി.ബി. രോഗിക്ക് 2 വർഷത്തെ ചികിത്സ പൂർത്തിയാക്കാൻ ഏകദേശം ഒരു ലക്ഷത്തി രണ്ടായിരത്തി ഇരുന്നൂറ് രൂപ വേണ്ടിവരും.

2001-2002, 2002-2003 വർഷങ്ങളിൽ ടി ചികിത്സക്കായി ടി.ബി. സെന്ററുകൾക്ക് തുകയൊന്നും നൽകിയില്ല. 2003-2004 വർഷത്തിൽ ഇതുവരെ 8.9 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(ഇ) എം.ഡി.ആർ.ടി.ബി. രോഗ ചികിത്സക്കു മാത്രമായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതികളൊന്നും തന്നെ നിലവിലില്ല.

(എഫ്) എക്സറേ സംവിധാനം, ലാബ് സംവിധാനം എന്നിവ ഇപ്പോഴുണ്ട്. ദൈനംദിന ക്ഷയരോഗികൾക്ക് ആർ.എൻ.റ്റി.സി.പി. മരുന്നുകളും എം.ഡി.ആർ.ടി.ബി. രോഗികൾക്കായി എം.ഡി.ആർ.ടി.ബി. മരുന്നുകളും നൽകുന്നുണ്ട്. എം.ഡി.ആർ.ടി.ബി. പ്രത്യേക വാർഡ് നവീകരിക്കുന്നതിനായി ഈ വർഷം 2.84 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ജി) ഉണ്ട്. ലോകാരോഗ്യ സംഘടന ഭാരത സർക്കാർ മുഖേന ആർ.എൻ.റ്റി.സി.പി. സഹായിക്കുന്നു. സംസ്ഥാന ടി.ബി. അസോസിയേഷൻ ജില്ലാ ടി.ബി. അസോസിയേഷൻ എന്നിവ ഈ പരിപാടിയുമായി സഹകരിക്കുന്നുണ്ട്. ലോക്കൽ എം. പി. ഫണ്ടുപയോഗിച്ച് പുലയനാർകോട്ട ആശുപത്രിയിൽ കുഴൽക്കിണർ കുഴിച്ചിട്ടുണ്ട്.

(എച്ച്) ഈ സാമ്പത്തിക വർഷംതന്നെ പ്രസ്തുത ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ഐ) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly